Kerala Gazette No. 26 dated 26th June 1984.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 2283/എൽ. എ4/83. തിരുവനന്തപുരം, 1983 ഫെബ്രുവരി 21.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

G. 233/S

ഏഴാം കേരള നിയമസഭ
ബിൽ നമ്പർ 10

1983-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

1960-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ

പീഠിക:—1960-ലെ കേരള പോലീസ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും:—(1) ഈ ആക്റ്റിന്, 1983-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. 23എ. എന്ന പുതിയ വകുപ്പു ചേർക്കൽ:—1963-ലെ കേരള പോലീസ് ആക്റ്റ് (1961-ലെ 5) 23-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാണ്, അതായത്:—

"23എ. പ്രത്യേക സംഗതികളിൽ ആളുകളെ നീക്കം ചെയ്യുന്നതിന് നിർദ്ദേശിക്കുന്നതിനുള്ള അധികാരം:—(1) തനിക്ക് ലഭിച്ച വിവരങ്ങളിൽ നിന്നോ മറ്റുവിധത്തിലോ പോലീസ് സൂപ്രണ്ടിന് —

(എ) തന്റെ അധികാര പരിധിക്കുള്ളിലുള്ള പ്രദേശത്ത് ഏതെങ്കിലും ആളിന്റെ നീക്കങ്ങളോ പ്രവൃത്തികളോ, ആളിനോ സ്വത്തിനോ ഭയമോ, അപായമോ, ഹാനിയോ വരുത്തുകയാണെന്നോ അഥവാ വരുത്തുന്നതിനുവേണ്ടി കരുതിക്കൂട്ടിയുള്ളതാണെന്നോ അഥവാ അങ്ങനെയുള്ള ആൾ, ബലപ്രയോഗമോ അക്രമമോ ഉൾപ്പെടുന്ന ഒരു കുറ്റമോ അഥവാ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ XII-ാം അദ്ധ്യായമോ XVI-ാം അദ്ധ്യായമോ XVII-ാം അദ്ധ്യായമോ പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റമോ ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുകയാണെന്നോ അഥവാ ഏർപ്പെടാൻ പോകുകയാണെന്നോ, അഥവാ അങ്ങനെയുള്ള ഏതെങ്കിലും കുറ്റത്തിന് പ്രേരണ നൽകുകയാണെന്നോ വിശ്വസിക്കുന്നതിന് ന്യായമായ കാരണങ്ങളുണ്ടെന്നും;

(ബി) അങ്ങനെയുള്ള ആൾക്കെതിരായി തെളിവു നൽകാൻ സാക്ഷികൾ, അവരുടെ ശരീരത്തിന്റെയോ സ്വത്തിന്റെയോ സുരക്ഷിതത്വത്തെ സംബന്ധിച്ച ആശങ്ക കാരണമായി വിസമ്മതിക്കുകയാണെന്നും ബോദ്ധ്യപ്പെടുകയാണെങ്കിൽ, പോലീസ് സൂപ്രണ്ടിന്, താൻ ഒപ്പിട്ട രേഖാമൂലമായ ഒരുത്തരവുമൂലം, അങ്ങനെയുള്ള ആളോട് പോലീസ് സൂപ്രണ്ട് ആവശ്യമെന്ന് കരുതുന്ന പ്രകാരം അങ്ങനെയുള്ള ഭയമോ, അപായമോ, ഹാനിയോ അഥവാ അങ്ങനെ കുറ്റം ചെയ്യുന്നതോ തടയത്തക്കവിധം പെരുമാറണമെന്ന് നിർദ്ദേശിക്കാവുന്നതോ അഥവാ ഉത്തരവിൽ പ്രത്യേകം പറയാവുന്ന പ്രകാരമുള്ള സമയത്തിനകം അങ്ങനെയുള്ള സ്ഥലത്തിനുപുറത്ത് സ്വയം പോകണമെന്ന് അങ്ങനെയുള്ള ആളോട് ആവശ്യപ്പെടാവുന്നതോ ആണ്.

(2) (എ) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരുത്തരവ് ഏതെങ്കിലും ആൾക്കെതിരെ പാസ്സാക്കുന്നതിനു മുൻപ്, പോലീസ് സൂപ്രണ്ട് അങ്ങനെയുള്ള ആളുടെ പേരിലുള്ള സാരവത്തായ കുറ്റാരോപണങ്ങളുടെ പൊതു സ്വഭാവം, അയാളെ രേഖാമൂലം അറിയിക്കേണ്ടതും അങ്ങനെയുള്ള കുറ്റാരോപണങ്ങളെപ്പറ്റി വിശദീകരണം നൽകുന്നതിന് ന്യായമായ അവസരം അയാൾക്ക് നൽകേണ്ടതുമാണ്.

(ബി) അങ്ങനെയുള്ള ആൾ ഹാജരാക്കുന്ന ഏത് സാക്ഷിയെയും പോലീസ് സൂപ്രണ്ടിന് വിസ്തരിക്കാവുന്നതുമാണ്.

(സി) അയാൾ ഹാജരാക്കുന്ന രേഖാമൂലമായ ഏതെങ്കിലും സ്റ്റേറ്റ്മെന്റ് റിക്കാർഡിൽ ഫയൽ ചെയ്യേണ്ടതാണ്.

(3) ആർക്കെതിരായാണോ (1)-ാം ഉപവകുപ്പുപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നത് അങ്ങനെയുള്ള ആൾക്ക്, തനിക്കെതിരായുള്ള കുറ്റാരോപണങ്ങളെപ്പറ്റി വിശദീകരണം നൽകുന്നതിനും, താൻ ഹാജരാക്കുന്ന സാക്ഷികളെ വിസ്തരിക്കുന്നതിനും വേണ്ടി പോലീസ് സൂപ്രണ്ട് മുമ്പാകെ, ഒരു വക്കീൽ മുഖേനയോ അറ്റോർണി മുഖേനയോ ഹാജരാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരം ആർക്കെതിരായാണോ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും ആൾ ഹാജരാകുന്നത് ഉറപ്പുവരുത്തുന്നതിനായി, പോലീസ് സൂപ്രണ്ടിന്, 1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 70 മുതൽ 72 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു കോടതിക്കുള്ള എല്ലാ അധികാരങ്ങളുമോ അഥവാ ഏതെങ്കിലും അധികാരമോ വിനിയോഗിക്കാവുന്നതാണ്.

(5) (എ) പോലീസ് സൂപ്രണ്ടിന്റെ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിനകം, സർക്കാരിന് അപ്പീൽ ബോധിപ്പിക്കാവുന്നതും, സംഗതിയുടെ എല്ലാ സാഹചര്യങ്ങളും പരിഗണിച്ചശേഷം, സർക്കാരിന്, പ്രസ്തുത ഉത്തരവ് സ്ഥിരപ്പെടുത്തുകയോ, വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്.

(ബി) (എ) എന്ന ഖണ്ഡപ്രകാരം സർക്കാരിന് അപ്പീൽ ബോധിപ്പിക്കപ്പെടുന്ന സംഗതിയിൽ, അവർക്ക് അവരുടെ വിവേചനമനുസരിച്ചും ഏർപ്പെടുത്താൻ യുക്തമെന്ന് അവർ കരുതാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും, അപ്പീലിന്മേൽ അന്തിമമായ ഉത്തരവു പാസ്സാക്കുന്നതുവരെ, പോലീസ് സൂപ്രണ്ടിന്റെ ഉത്തരവ് നടപ്പിലാക്കുന്നത് നിറുത്തിവയ്ക്കാവുന്നതാണ്.

(6) (1)-ാം ഉപവകുപ്പുപ്രകാരം പോലീസ് സൂപ്രണ്ട് പാസ്സാക്കിയതോ അഥവാ (5)-ാം ഉപവകുപ്പുപ്രകാരം സർക്കാർ പാസ്സാക്കിയതോ ആയ ഏതൊരു ഉത്തരവും താഴെപ്പറയുന്ന മൂന്നോ അതിൽ കൂടുതലോ കാരണങ്ങളിന്മേലല്ലാതെ, യാതൊരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു, അതായത് :—

(എ) ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള നടപടിക്രമം അനുവർത്തിക്കാതിരിക്കുക;

(ബി) ഉത്തരവ് ഏതു കാര്യങ്ങളെ ആസ്പദമാക്കി പുറപ്പെടുവിക്കാമായിരുന്നുവോ അങ്ങനെയുള്ള കാര്യങ്ങൾ യാതൊന്നുംതന്നെ ഇല്ലാതിരിക്കുക; അഥവാ

(സി) ഏതൊരാളെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവോ ആ ആൾക്കെതിരെ പരസ്യമായി തെളിവു നൽകാൻ സാക്ഷികൾ വിസമ്മതിക്കുന്നു എന്ന് വിശ്വസിക്കാൻ മതിയായ കാരണങ്ങൾ യാതൊന്നും ഇല്ലാതിരിക്കുക.

(7) (1)-ാം ഉപവകുപ്പോ (5)-ാം ഉപവകുപ്പോ പ്രകാരമുള്ള നിർദ്ദേശം ലംഘിച്ചതിനു കുറ്റം ചുമത്തപ്പെട്ട ഏതൊരാൾക്കും, രണ്ടുവർഷംവരെ വരാവുന്ന തടവോ, പിഴയോ അഥവാ ഇവ രണ്ടുംകൂടിയതോ ആയ ശിക്ഷ നൽകേണ്ടതാണ്.

(8) (1)-ാം ഉപവകുപ്പുപ്രകാരമോ (5)-ാം ഉപവകുപ്പു പ്രകാരമോ ഏതെങ്കിലും സ്ഥലത്തിനു പുറത്ത് സ്വയം പോകണമെന്ന് നിർദ്ദേശിക്കപ്പെട്ട ഏതൊരാളും, അപ്രകാരം ചെയ്യാൻ വീഴ്ചവരുത്തുകയോ വിസമ്മതിക്കുകയോ ചെയ്യുകയോ അഥവാ അങ്ങനെയുള്ള നിർദ്ദേശം നിലവിലുള്ളപ്പോൾ, അങ്ങനെയുള്ള സ്ഥലത്ത് വീണ്ടും പ്രവേശിക്കുകയോ ചെയ്യുന്നപക്ഷം, പോലീസ് സൂപ്രണ്ടിന് (7)-ാം ഉപവകുപ്പുപ്രകാരം അങ്ങനെയുള്ള ആളെ പ്രോസിക്യൂട്ടു ചെയ്യുന്നതിന് പകരമായോ അതിന് പുറമേയോ, ആ ആളെ അറസ്റ്റ് ചെയ്തു, താൻ നിർദ്ദേശിക്കാവുന്ന പ്രകാരം തന്റെ അധികാരപരിധിക്ക് പുറത്തുള്ള ഒരു സ്ഥലത്തേക്ക് പോലീസ് ബന്തവസ്സിൽ നീക്കം ചെയ്യുന്നതിന് ഏർപ്പാടു ചെയ്യാവുന്നതാണ്.

(9) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവ് ആർക്കെതിരെ പുറപ്പെടുവിച്ചുവോ, ആ ആളോടോ അഥവാ ഏതെങ്കിലും കോടതിയിലോ, പോലീസ് സൂപ്രണ്ടിന്റെ അഭിപ്രായത്തിൽ, വിവരം കൊടുത്തയാളിനെ തിരിച്ചറിയാനോ അയാളുടെ പേര് വെളിപ്പെടാനോ ഇടയാകാവുന്ന തനിക്ക് ലഭിച്ച വിവരത്തിന്റെ ഉറവിടമോ അഥവാ ഏതെങ്കിലും വസ്തുതയോ വെളിപ്പെടുത്താൻ ഈ വകുപ്പിലെ യാതൊന്നുംതന്നെ ഏതൊരു പോലീസ് ഉദ്യോഗസ്ഥനോടും ആവശ്യപ്പെടുന്നതായി കരുതാൻ പാടില്ലാത്തതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1960-ലെ കേരള പോലീസ് ആക്റ്റ് (1961-ലെ 5)-ലെ നിലവിലുള്ള വ്യവസ്ഥകൾ വർഗ്ഗീയ കലാപങ്ങൾ, 'അവശ്യസർവ്വീസുകളിലെ പണിമുടക്ക് മുതലായവയെ നേരിടുന്നതിന് പര്യാപ്തമല്ലെന്ന് കണ്ടിരിക്കുന്നു.

വർഗ്ഗീയ കലാപം നടക്കുന്ന സമയങ്ങളിൽ പോലീസ് സേനയ്ക്ക് നേരിടേണ്ടുന്ന പ്രശ്നങ്ങളിൽ ഒന്ന് സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനമാണ്. അക്രമം നടക്കുന്ന സ്ഥലത്തുനിന്നും അവരെ പുറത്താക്കാൻ പോലീസിനെ അധികാരപ്പെടുത്തുകയാണെങ്കിൽ, അക്രമവും നാശനഷ്ടങ്ങളും ഗണ്യമായ വിധത്തിൽ ഒഴിവാക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട്, പ്രത്യേക സംഗതികളിൽ അക്രമം നടക്കുന്ന സ്ഥലത്തുനിന്നും ആളുകളെ പുറത്താക്കുന്നതിന് പോലീസ് സൂപ്രണ്ടുമാരെ അധികാരപ്പെടുത്തുന്നതിനുള്ള ഒരു വ്യവസ്ഥ പ്രസ്തുത ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്നു.

2. മേൽപ്പറഞ്ഞ ആവശ്യത്തിന് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ഡം

ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

വയലാർ രവി.

(ശരിത്തർജ്ജമ)

എ. പി. പെരുമാൾ,

നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.